I.ഇ.ബി.XIകേരള നിയമസഭ/IV7

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 25, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

ഹവാല പണമിടപാട് സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട്

മി. സ്പീക്കർ: തീവ്രവാദ പ്രവർത്തനങ്ങൾക്കായി കേരളത്തിലേയ്ക്ക് ഒഴുകിയ 336 കോടി രൂപയുടെ ഹവാല പണമിടപാടിൽ സംസ്ഥാന മന്ത്രിസഭയിലെ ടൂറിസം വകുപ്പുമന്ത്രിക്ക് പങ്കാളിത്തമുള്ളതായി ഇന്റലിജൻസ് റിപ്പോർട്ട് പുറത്തുവന്നതിനെത്തുടർന്ന് ഉളവായിട്ടുള്ള തായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, സി.കെ. നാണു, എ.സി. ഷൺമുഖദാസ്, വി.സി. കബീർ, കോവൂർ കുഞ്ഞുമോൻ , ഡോ. കെ.സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ഈ വിഷയം സംബന്ധിച്ച് ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റ് ഔദ്യോഗികമായി എനിക്ക് റിപ്പോർട്ട് നല്കിയിട്ടുണ്ട്. അതിൽ പറയുന്നത്

കേരളത്തിലേയ്ക്ക് ഹവാലാ പണമിടപാടുമായി ബന്ധപ്പെട്ട് 336 കോടി രൂപ കടത്തിയതായി പറയുന്ന സംഭവത്തിൽ സംസ്ഥാന ടൂറിസം വകുപ്പുമന്ത്രിക്ക് പങ്കുള്ളതായി സംസ്ഥാന ഇന്റലിജൻസ് ഡി.ജി.പി. രഹസ്യ റിപ്പോർട്ട് നൽകി എന്ന ആരോപണം അടിസ്ഥാനരഹിതമാണ്, അത്തരത്തിൽ ഒരു റിപ്പോർട്ട് നൽകിയിട്ടില്ല; ചില ദൃശ്യമാധ്യമങ്ങൾ പ്രദർശിപ്പിച്ച രേഖ വ്യാജവും കെട്ടിച്ചമച്ചതുമാണ് എന്നാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഈ അടിയന്തിര പ്രമേയ നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി മുഖ്യമന്ത്രിയുടേയോ ഗവൺമെന്റിന്റേയോ അഭിപ്രായമല്ല; മറിച്ച് ഇന്റലിജൻസ് മേധാവി ഇപ്പോൾ എഴുതിക്കൊടുത്ത റിപ്പോർട്ടാണ്. ഇതിനുമുമ്പ് ഇന്റലിജൻസ് മേധാവി എഴുതിക്കൊടുത്ത റിപ്പോർട്ടാണ് ഞാൻ പറയുന്നത്. ഇത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. മുംബൈയിൽനിന്നും കേരളത്തിലേയ്ക്ക് 4 ബാങ്കുകൾ വഴി വിതരണം ചെയ്ത 336 കോടി ഹവാലാ പണം സംബന്ധിച്ച് വിവിധ രഹസ്യാന്വേഷണ ഏജൻസികളുടെ അന്വേഷണം വഴിമുട്ടി നില്ക്കുന്നതായി സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം മുഖ്യമന്ത്രിക്ക് നൽകിയ രഹസ്യ റിപ്പോർട്ടാണ് പുറത്തുവന്നിരിക്കുന്നത്. ഹവാലാ ഇടപാടിലെ മുഖ്യകണ്ണിയായ ശ്രീ. സുരേന്ദ്രനുമായി സംസ്ഥാന ടൂറിസം മന്ത്രി ശ്രീ.കെ.വി. തോമസിനുള്ള അവിഹിതബന്ധം സംബന്ധിച്ച പരാമർശമാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്), പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽനിന്നും അയച്ചതാണ് ആ റിപ്പോർട്ട്. ഹവാലാ ഇടപാടിലെ 33 കോടി രൂപയുമായി ബന്ധപ്പെട്ട് സംസ്ഥാന ടൂറിസം വകുപ്പുമന്ത്രിക്ക് മുഖ്യ പങ്കുണ്ടെന്നുള്ളതിന് ശക്തമായ തെളിവുകൽ ഉള്ളതായി ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇത് സംബന്ധിച്ച് 12.6.2002-ൽ ശ്രീ. ടി.കെ. ദേവകുമാറും ശ്രീ. ടി.കെ. ബാലനും സഭയിൽ ചോദിച്ച ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞത് കേന്ദ്ര ഏജൻസികൾ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതായി അറിയുന്നു എന്നാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നേരിട്ട് ഉത്തരവില്ലാതെ ഈ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയില്ലെന്ന റിപ്പോർട്ടാണ് ഇന്റലിജൻസ് മേധാവി നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച എല്ലാ കാര്യങ്ങളും പുറത്തുകൊണ്ടുവരേണ്ടതാണ്. ഇതിൽ ടൂറിസം വകുപ്പുമന്ത്രിയുടെ പങ്ക് പുറത്താ യിരിക്കുകയാണ്. ഹവാലാ പണം ഒഴുകുന്നത് തീവ്രവാദ പ്രവർത്തനത്തിനുവേണ്ടിയാണ്. ഹവാലാ ഇടപാടിനെപ്പറ്റി സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് സംസ്ഥാന ഇന്റലിജൻസിന്റേയും അഭിപ്രായം. മന്ത്രിയുടെ പേരിൽ വന്നിരിക്കുന്നത് രാജ്യദ്രോഹകുറ്റമാണ്. സാഹചര്യത്തെളിവുകൾ വച്ചു നോക്കിയാൽ കറപ്ഷൻ ഉണ്ട്. ഫ്രഞ്ച് ചാരക്കേസിലും അദ്ദേഹം പ്രതിയായിരുന്നു. രാജ്യദ്രോഹക്കുറ്റം ചെയ്ത ഒരു മന്ത്രിയെ മന്ത്രിസഭയിൽ നിലനിറുത്തുന്നത് ശരിയല്ല. ഈ പണമുപയോഗിച്ചുകൊണ്ട് അധികാരത്തിൽ വന്ന ഒരു ഹവാലാ ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. 33 കോടി രൂപയുടെ ഹവാലാപ്പണം തട്ടിയെടുത്ത, രാജ്യദ്രോഹക്കുറ്റം ചെയ്ത ഒരു മന്ത്രിക്ക് മന്ത്രിസഭയിൽ

തുടരാൻ അർഹതയില്ല. ഇക്കാര്യത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഗൗരവമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ വായിച്ച രേഖകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സൂര്യാ ടി. വി. സംപ്രേഷണം ചെയ്ത ഇക്കാര്യത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറായാൽ ഞാൻ രേഖകൾ മേശപ്പുറത്ത് വയ്ക്കാം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി ): ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഒരു രേഖ ക്വാട്ട് ചെയ്ത് പ്രസംഗിച്ചതുകൊണ്ട് ആ രേഖ നിയമപരമായി സഭയുടെ മേശപ്പുറത്തു വയ്ക്കണം.

മി. സ്പീക്കർ: അതുകൊണ്ടാണ് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ആ രേഖ മേശപ്പുറത്തു വയ്ക്കുന്നുണ്ടോയെന്നു ചോദിച്ചത്. അപ്പോൾ അദ്ദേഹം മേശപ്പുറത്തു വയ്ക്കുന്നില്ലെന്നു പറഞ്ഞു. രേഖ മേശപ്പുറത്തു വയ്ക്കണമെന്നു ചെയറിന് നിർബന്ധിക്കാൻ പറ്റില്ല. അദ്ദേഹം വായിച്ചത് ആധികാരികമായ രേഖയാണെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ വായിച്ചത് ആധികാരികമായ രേഖയല്ലെങ്കിൽ അത് സഭാനടപടികളിൽ നിന്ന് നീക്കം ചെയ്യുകയും വ്യാജരേഖ സഭയിൽ വായിച്ചതിന് അദ്ദേഹത്തിന്റെ പേരിൽ നടപടി എടുക്കുകയും ചെയ്യണം.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : റൂൾസ് ഓഫ് പ്രൊസീഡ്യുവർ അനുസരിച്ച് ക്വാട്ട് ചെയ്ത രേഖ സഭയുടെ മേശപ്പുറത്തു വയ്ക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബാദ്ധ്യസ്ഥനാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ ഒരു രേഖയുടെ ചുരുക്കം മാത്രമാണ് വായിച്ചത്. ആ രേഖ മുഴുവൻ വായിച്ചാലേ അതു സംബന്ധമായ എല്ലാ കാര്യങ്ങളും പുറത്തു വരികയുള്ളു. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുകയാണെങ്കിൽ ഞാൻ ആ രേഖ മുഴുവൻ വായിക്കാം.

മി. സ്പീക്കർ : ആധികാരികമായി ആ രേഖ മേശപ്പുറത്തു വയ്ക്കുകയാണെങ്കിൽ അതു മുഴുവൻ വായിക്കാൻ അനുവദിക്കാം.

മുഖ്യമന്ത്രി (ശ്രീ എ.കെ. ആന്റണി)ഃ അടിയന്തിര പ്രമേയത്തിൽ പറയുന്നതുപോലെയുള്ള ഒരു പരാതിയും ഇന്റലിജൻസ് ഡി.ജി.പി. ഗവൺമെന്റിന് എഴുതി തന്നിട്ടില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉദ്ധരിച്ച രേഖ മേശപ്പുറത്ത് വയ്ക്കണം. ഈ വ്യാജരേഖ കെട്ടിച്ചമച്ച് വാർത്തയാക്കിയത് സൂര്യ ടി.വി. യാണ്. ഇതിനെതിരെ എന്തു വേണമെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ അനുമതിയുണ്ടെങ്കിൽ മാത്രമേ കേന്ദ്ര ഏജൻസികൾക്ക് സംസ്ഥാനത്ത് അന്വേഷണം നടത്താൻ കഴിയൂ എന്ന പ്രതിപക്ഷ ഉപനേതാവിന്റെ അഭിപ്രായം ശരിയല്ല. രാജ്യത്തെ നിയമവ്യവസ്ഥ അനുസരിച്ച് എൻഫോഴ്സ്മെന്റ് ഡിപ്പാർട്ടുമെന്റ്, സിബി.ഐ .തുടങ്ങിയ കേന്ദ്ര ഏജൻസികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ അനുമതിയില്ലാതെ തന്നെ ഏതൊരന്വേഷണവും നടത്താവുന്നതാണ്. പൊതുപ്രവർത്തകരെ ഏതെങ്കിലും തരത്തിൽ ബ്ലാക്ക് മെയിൽ ചെയ്യുന്നതിന് കൂട്ടുനില്ക്കാൻ പ്രതിപക്ഷം തയ്യാറാകുന്നത് ശരിയല്ല. ഈ വിഷയം സഭ നിർത്തിവച്ചു ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ.കെ ബാലൻഃ റൂൾ 297 പ്രകാരം മുഖ്യമന്ത്രി വായിച്ച രേഖ മേശപ്പുറത്ത് വയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)ഃ ഇന്റലിജൻസ് ഡി.ജി.പി. നൽകിയ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ.കോടിയേരി ബാലകൃഷ്ണൻഃ മുഖ്യമന്ത്രി ആവശ്യപ്പെടുകയും അദ്ദേഹം വായിച്ച രേഖ മേശപ്പുറത്ത് വയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ഞാൻ വായിച്ച രേഖയും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർഃ ആരും ഒപ്പിടാതെ ടൈപ്പ് ചെയ്ത ഒരു കടലാസ്സാണിത്.

അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, കെ.പി. രാജേന്ദ്രൻ, ഡോ.എ. നീലലോഹിതദാസൻ നാടാർ, ഡോ.കെ.സി. ജോസഫ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചുവരികയും ചെയ്തു.)

വ്യക്തിപരമായ വിശദീകരണം

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ.വി. തോമസ്): ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഇക്കാര്യം പ്രസിദ്ധീകരിച്ച മാധ്യമങ്ങൾക്കെതിരായി നിയമപരമായ നടപടി സ്വീകരിക്കും. രാഷ്ട്രീയത്തിൽ ഇത്തരത്തിലുള്ള പ്രവണത ഒരു ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ഞാൻ ആരോപണങ്ങൾ പരിപൂർണ്ണമായി നിഷേധിക്കുന്നു.

## ശ്രദ്ധക്ഷണിക്കൽ

1. ആയുർവേദ കോളേജുകളിലെ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾ

ശ്രീ. ബി. വിജയകുമാർ: തിരുവനന്തപുരം, കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജുകളിൽ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾ തുടങ്ങുന്നതിന് സെൻട്രൽ കൗൺസിൽ ഫോർ ഇൻഡ്യൻ മെഡിസിൻ അനുമതി നൽകിയിട്ടും സാമ്പത്തിക ബുദ്ധിമുട്ടിന്റെ പേരിൽ കോഴ്സുകൾ ആരംഭിക്കാതിരിക്കുന്നത് ആയുർവേദ ശാസ്ത്രത്തോട് കാണിക്കുന്ന കടുത്ത അവഗണനയാണ്. ഇതിനുവേണ്ടി ആദ്യ വർഷത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും 70 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകാമെന്ന് ഉറപ്പു നൽകിയിരുന്നു. കഴിഞ്ഞ വർഷം ഈ ഇനത്തിൽ 14 ലക്ഷം രൂപ സംസ്ഥാന സർക്കാരിന് ലാപ്സായി. കേരളത്തിലെ വിദ്യാർത്ഥികൾ അയൽ സംസ്ഥാനങ്ങളിൽ പോയി ലക്ഷങ്ങൾ മുടക്കിയാണ് പോസ്റ്റു ഗ്രാജുവേഷന് പഠിക്കുന്നത്. അനുവദിച്ച പി.ജി. കോഴ്സുകൾ ഇപ്പോൾ തുടങ്ങിയില്ലെങ്കിൽ മേലിൽ കേരളത്തിലെ ആയുർവേദ കോളേജുകളിൽ പി.ജി. കോഴ്സുകൾ അനുവദിക്കുന്ന കാര്യം പ്രയാസമായിരിക്കും. അദ്ധ്യാപക നിയമനത്തിന് പി.ജി. കോഴ്സുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ ഈ അദ്ധ്യയന വർഷംതന്നെ അവ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾ തുടങ്ങുന്നതിനുവേണ്ടി കണ്ണൂർ യൂണിവേഴ്സിറ്റിയുടേയും സെൻട്രൽ കൗൺസിൽ ഫോർ ഇൻഡ്യൻ മെഡിസിന്റേയും അംഗീകാരം ലഭിക്കുകയും പ്രസ്തുത കോഴ്സ് അഞ്ചു വർഷം നടത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽനിന്ന് 2001–ൽ 14 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തു. പി.ജി. കോഴ്സ് ആരംഭിക്കാൻ കണക്കാക്കപ്പെടുന്ന ഭീമമായ ചെലവും കോഴ്സിനാവശ്യമായ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ചെലവ് സംസ്ഥാന സർക്കാർ തന്നെ വഹിക്കണമെന്നുള്ള നിബന്ധനയും സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയിൽ കോഴ്സ് ആരംഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. എങ്കിലും കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന ധനസഹായം പ്രയോജനപ്പെടുത്തി കണ്ണൂർ ആയുർവേദ കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സ് തുടങ്ങാനും അഞ്ചു വർഷത്തിനുശേഷം സ്ഥിതിഗതികൾ പുനരവലോകനം ചെയ്ത് കേന്ദ്ര സർക്കാരിൽനിന്ന് മറ്റൊരു അഞ്ചു വർഷത്തേയ്ക്കുകൂടി ധനസഹായം ലഭ്യമാക്കാനോ സംസ്ഥാന സർക്കാരിന്റെ ധനാഗമ മാർഗ്ഗങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഈ കോഴ്സിന് തുടർച്ചാനുമതി ലഭ്യമാക്കാനോ

വേണ്ട നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. തിരുവനന്തപുരം ആയൂർവേദ കോളേജിൽ പുതിയ പി.ജി കോഴ്സ് തുടങ്ങുന്നതിന് സെൻട്രൽ കൗൺസിൽ ഫോർ ഇൻഡ്യൻ മെഡിസിന്റേയും കേരള യൂണിവേഴ്സിറ്റിയുടേയും അനുമതി ലഭിച്ചിട്ടുണ്ട്. ഈ കോഴ്സുകൾ ആരംഭിക്കുന്നതിന് സെൻട്രൽ കൗൺസിൽ ഫോർ ഇൻഡ്യൻ മെഡിസിനോടും കേന്ദ്ര സർക്കാരിനോടും ധനസഹായം ആവശ്യപ്പെടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തപ്പോൾ സാമ്പത്തിക പ്രതിസന്ധി ഉണ്ടെങ്കിലും ഇക്കാര്യം പ്രത്യേകമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

2. <u>ഗൾഫ് മലയാളികൾ വിമാനയാത്രയ്ക്കിടയിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ഗൾഫ് നാടുകളിൽ പണിയെടുക്കുന്ന പതിമൂന്നു ലക്ഷത്തോളം മലയാളികൾ അയയ്ക്കുന്ന പതിനയ്യായിരത്തിലധികം കോടി രൂപയാണ് ഓരോ വർഷവും കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിറുത്തുന്നത്. കഠിനാദ്ധ്വാനം ചെയ്ത് വിദേശനാണ്യം നേടിത്തരുന്ന ഈ പ്രവാസികളോട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുന്നില്ല. എയർ ഇൻഡ്യയുടെയും ഇൻഡ്യൻ എയർ ലൈൻസിന്റെയും വിമാനങ്ങളിലുള്ള ഇവരുടെ യാത്ര നിത്യദുരിതമായിത്തീർന്നിരിക്കുന്നു.
നിരന്തരമായ ഫ്ളൈറ്റ് ക്യാൻസലേഷൻ കാരണം യഥാസമയം ലക്ഷ്യസ്ഥാനത്ത് എത്താൻ കഴിയാത്തതിനാൽ ജോലിയും വിസയും വരെ നഷ്ടപ്പെട്ടവരും സ്പോൺസർമാർ വരാത്തതുകൊണ്ട് എയർപോർട്ട് പരിസരത്ത് പട്ടിണി കിടക്കേണ്ട അവസ്ഥയുണ്ടായിട്ടുള്ളവരും ഉണ്ട്. കേരളത്തിലെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗത്തിൽ പ്രവർത്തിക്കുന്ന പോലീസുകാരിൽ പലരും യാത്രക്കാരോട് മാന്യരഹിതമായും ക്രൂരമായും പെരുമാറുന്നതും കുറ്റവാളികളെപ്പോലെ കണക്കാക്കുന്നതും യാത്രക്കാർക്ക് മാനസിക പീഡനമുണ്ടാക്കുന്നുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ പോലീസിന്റെ ധിക്കാരപരമായ പെരുമാറ്റം കാരണം യഥാസമയം മെഡിക്കൽ എയ്ഡ് കിട്ടാതെ ഒരു യാത്രക്കാരൻ മരണപ്പെടുകയുണ്ടായി. പ്രവാസികളായ യാത്രക്കാരുടെ വിലപിടിപ്പുള്ള വസ്തുക്കൾ കൈവശപ്പെടുത്താനുള്ള ശ്രമവും പോലീസുകാരിൽനിന്ന് ഉണ്ടാകാറുണ്ട്. അതിനാൽ തികഞ്ഞ അച്ചടക്കവും പെരുമാറ്റമര്യാദയും പുലർത്തുന്ന പോലീസുകാരെ മാത്രം എമിഗ്രേഷൻ വിഭാഗത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുകയും. പ്രവാസികളുടെ വിമാനയാത്ര ദുരിതപൂർണ്ണമാക്കുകയും മുന്നറിയിപ്പ് കൂടാതെ സർവ്വീസുകൾ റദ്ദ് ചെയ്യുകയും ചെയ്യുന്ന സ്ഥിരം ഏർപ്പാട് അവസാനിപ്പിക്കാൻ എയർ ഇൻഡ്യയോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെടുകയും ചെയ്യണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം. ഹസ്സൻ)</u> : ഗൾഫ് മലയാളികൾക്ക് വിമാനയാത്രയ്ക്കിടയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ ഇതിനുമമ്പ് പ്രവാസികളിൽനിന്ന് കിട്ടിയ

പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെയും എയർ ഇൻഡ്യയുടെ അധികൃതരുടെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ലക്ഷക്കണക്കിന് മലയാളികൾ ഗൾഫ് നാടുകളിൽ പണിയെടുത്ത് സമ്പാദിക്കുന്ന പണം കേരളത്തിലേയ്ക്ക് അയയ്ക്കുന്നതുകൊണ്ടാണ് സംസ്ഥാനത്തിന്റെ സമ്പദ്ഘടന തന്നെ നിലനിൽക്കുന്നത്. അവരുടെ ക്ഷേമകാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ താല്പര്യം പ്രകടിപ്പിക്കുന്നതിനായാണ് 'നോർക്ക' ഡിപ്പാർട്ടുമെന്റ് ആരംഭിച്ച് പ്രവാസികളുടെ വ്യക്തിപരമായ പ്രശ്നങ്ങൾ പോലും കൈകാര്യം ചെയ്യാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. ഗൾഫ് മലയാളികൾ ദീർഘകാലമായി ഉന്നയിക്കുന്ന യാത്രക്കൂലി കുറയ്ക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റും എയർ ഇൻഡ്യയും അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് സിവിൽ ഏവിയേഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി. ഫ്ളൈറ്റ് ക്യാൻസലേഷൻ വരുന്ന സന്ദർഭങ്ങളിൽ എയർ ഇൻഡ്യ അധികൃതരുമായി ഇടപെട്ട് ആൾട്ടർനേറ്റ് അറേഞ്ചുമെന്റ് ഉണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. എമിഗ്രേഷൻ വിഭാഗത്തിൽ നിയോഗിച്ചിട്ടുള്ള പോലീസ്സുകാരെപ്പറ്റിയുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കുറ്റക്കാരാണെന്നു കണ്ടവരെ സ്ഥലംമാറ്റുന്നതിനും സേവനപരമായ പ്രവർത്തനം നടത്തുന്നവരെ അവിടെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെ സംബന്ധിച്ച് വിമാനയാത്രക്കാരായ ഗൾഫ് മലയാളികൾക്ക് ബോധവൽക്കരണം നടത്താൻ വിവിധ പരിപാടികളും നടത്തുന്നുണ്ട്. വിദേശ മലയാളികളുടെ പരാതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. എയർ ഇൻഡ്യയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചെയർമാനുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നതാണ്. കൊച്ചി നെടുംപാശ്ശേരി എയർപ്പോർട്ടിൽ ഉണ്ടായ അതിദാരുണ സംഭവത്തെക്കുറിച്ച് പരാതി ലഭിച്ചാൽ അന്വേഷണത്തിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

1. എൻഡോസൾഫാന്റെ നിരോധനം പിൻവലിക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ ) : കശുമാവ് കൃഷിയുടെ അഭിവൃദ്ധിക്കായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉപയോഗം കാസർഗോഡ് ജില്ലയിലെ വടക്കൻ പ്രദേശമായ മൂന്ന് പഞ്ചായത്തുകളിൽ നിരവധി പേരുടെ മരണത്തിനും മാരകമായ രോഗബാധയ്ക്കും ഇടവരുത്തിയതിനെക്കുറിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരോധിച്ചിരുന്ന ഈ കീടനാശിനിയുടെ ഉപയോഗം കൃഷി വകുപ്പ് പുതിയൊരു ഉത്തരവിലൂടെ പുന:സ്ഥാപിച്ചിരിക്കുകയാണ്. ഇത് അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാക്കുമെന്നതിനാൽ നിലവിലുള്ള ഉത്തരവ് പുന:സ്ഥാപിക്കാനും

എൻഡോസൾഫാൻ എന്ന കീടനാശിനിക്കു പകരം പുതിയൊരു കീടനാശിനി കൊണ്ടുവരാനും അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : 4696 ഹെക്ടർ പ്ലാന്റേഷൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി കഴിഞ്ഞ ഇരുപതു കൊല്ലമായി തളിച്ചുവരികയായിരുന്നു. അടുത്ത കാലത്തായി ഈ കീടനാശിനി മാരകമായ ദോഷഫലങ്ങൾ ഉളവാക്കുന്നു, ചില അസുഖങ്ങൾ പടർന്നു പിടിക്കുന്നു എന്നൊക്കെയുള്ള പത്രറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 28-5-2001 ൽ കാസർകോട് ജില്ലയിലെ ചില ഗ്രാമങ്ങളിൽ ഈ കീടനാശിനി തളിക്കൽ നിരോധിച്ചുകൊണ്ട് ഉത്തരവിറക്കി. അതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയോടും അന്വേഷണം നടത്താനും ആവശ്യപ്പെട്ടു. രണ്ടു കമ്മിറ്റികളുടെയും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പെസ്റ്റിസൈഡ്സ് ആക്ടിലെ 27, 28 വകുപ്പുകൾ പ്രകാരം സംസ്ഥാന ഗവൺമെന്റിന് ആകെ നിരോധിക്കാവുന്ന സമയം 90 ദിവസമാണ്. ഇനി സ്റ്റേ നടപടികളോ മറ്റോ ആവശ്യമെങ്കിൽ അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാ നത്തിൽ പെസ്റ്റിസൈഡ്സ് രജിസ്ട്രേഷൻ കമ്മിറ്റിയുമായി ആലോചിച്ച് കേന്ദ്ര ഗവൺമെന്റിന് തീരുമാനമെടുക്കാം. വരുന്ന അഞ്ചുകൊല്ലക്കാലം കശുമാവ് തോട്ടങ്ങളിൽ ഏരിയൽ സ്പ്രേയിംഗ് പാടില്ലെന്നും ഗ്രൗണ്ടിൽ നിന്നു മാത്രമേ സ്പ്രേ ചെയ്യാൻ പാടുള്ളുവെന്നും വെള്ളമുള്ള സ്ഥല ങ്ങളിൽ സ്പ്രേ ചെയ്യാൻ പാടില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനിലെയും അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെയും വിദഗ്ദ്ധർ അടങ്ങുന്ന കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത് ചെയ്യാൻ പാടുള്ളുവെന്നും തീരുമാനിച്ചിട്ടുണ്ട്. രോഗ പ്രതിരോധ ശക്തിയുള്ള കാഷ്യു റിസർച്ച് ചെയ്ത് കണ്ടുപിടിക്കാനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പെരിയയിലും മൂളിയാറിലും കണ്ട രോഗത്തെപ്പറ്റിയും രോഗകാരണങ്ങളെപ്പറ്റിയും ഡീറ്റെയിൽഡ് സർവ്വെ നടത്താൻ ഹെൽത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. പമ്പിംഗ് സബ്സിഡി

ശ്രീ. മാമ്മൻ മത്തായി: ആലപ്പുഴ പുഞ്ച സ്പെഷ്യൽ ആഫീസിന് കീഴിലുള്ള പാട ശേഖരങ്ങൾക്ക് നൽകാനുള്ള അഞ്ചുവർഷത്തെ പമ്പിംഗ് സബ്സിഡി കുടിശ്ശികയായ 505 ലക്ഷം രൂപ അടിയന്തിരമായി നൽകുന്നതിനുള്ള നടപടിയുണ്ടാകണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : പമ്പിംഗ് സബ്സിഡി ഇനത്തിൽ കഴിഞ്ഞ കൊല്ലം രണ്ടു കോടി എഴുപത് ലക്ഷം രൂപ അനുവദിച്ചതിൽ ഒരുകോടി മുപ്പത്താറുലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. സ്പെഷ്യൽ പാക്കേജ് പ്രകാരം ആറുകോടി രൂപ 1997-98 മുതലുള്ള പമ്പിംഗ് സബ്സിഡി കുടിശ്ശിക കൊടുത്തു തീർക്കാൻ അനുവദിച്ചത് സമയത്ത് വിതരണം ചെയ്യാത്തതുകൊണ്ട് ലാപ്സായി. ആ സ്കീമിന്റെ

കാലാവധി നീട്ടിയിട്ടുണ്ട്. പണം കിട്ടുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്. ഇക്കൊല്ലവും രണ്ടുകോടി എഴുപതുലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

3. കല്പത്തൂർ-നൊച്ചാട്-വെള്ളിയൂർ-പുളിയോട്ടുമുക്ക്-നരയങ്കുളം-കാപ്പുമ്മൽ റോഡ് പൂർത്തിയാക്കൽ

ശ്രീ. ടി. പി. രാമകൃഷ്ണൻ: പേരാമ്പ്ര നിയോജക മണ്ഡലത്തിലെ 10.31 കിലോമീറ്റർ നീളമുള്ള കല്പത്തൂർ - നൊച്ചാട്- വെള്ളിയൂർ- പുളിയോട്ടുമുക്ക്- നരയങ്കുള- കാപ്പുമ്മൽ റോഡിന്റെ പണി ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനിയാണ് ഏറ്റെടുത്തിട്ടുള്ളത്. ഈ റോഡിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണം.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ): നബാർഡിന്റെ ആർ.എ.ഡി.എഫ്. 6 പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം തുടങ്ങിയ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പ്രസ്തുത റോഡിന്റെ 40% പണി പൂർത്തിയായിട്ടുണ്ട്. ചന്ദ്രഗിരി കൺസ്ട്രക്ഷൻ എന്ന കമ്പനി ഏറ്റെടുത്ത ഈ റോഡിന്റെ പണി 29.11.99-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. 31.3.03 വരെ കാലാവധി നീട്ടിക്കിട്ടണമെന്ന് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. 31.3.2003-ൽ ഈ ജോലി പൂർത്തിയാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

4. വൻകിട കെട്ടിട ഉടമകളിൽനിന്നും സെസ് കുടിശിക ആർ.ആർ. പ്രകാരം പിരിച്ചെടുക്കൽ

ശ്രീ പി.ജെ. ജോയി: വൻകിട കെട്ടിട ഉടമകളിൽനിന്നും പിരിക്കേണ്ട സെസ് കഴിഞ്ഞ ആറു വർഷമായി പിരിക്കുന്നില്ല. അതുപോലെതന്നെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കൊടുക്കേണ്ട ആനുകൂല്യങ്ങളോ ബോണസ്സോ നൽകുന്നില്ല. ഈവക കാര്യങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള കെട്ടിട നിർമ്മാണ തൊഴിലാളി കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ച് നടക്കുകയാണ്. ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ഇതിനുപുറമേ മണൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സെസ് പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെയുള്ള എല്ലാ ആനുകൂല്യങ്ങളും ആഗസ്റ്റ് 30-നകം വിതരണം ചെയ്യണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. മണൽ ശേഖരണം സംബന്ധിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

5. നെടുമങ്ങാട് ഇ.ഇ.സി. മാർക്കറ്റിന്റെ പ്രവർത്തനമാരംഭിക്കൽ:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഇ.ഇ.സി.യുടെ സഹായത്തോടുകൂടി 1994–ൽ നെടുമങ്ങാട് പണി ആരംഭിച്ച അന്താരാഷ്ട്ര വാണിജ്യ മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. അഞ്ചു കോടി അൻപത്തിയെട്ടു ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. അര കിലോമീറ്റർ ദൂരം വരുന്ന റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി, ഇലക്ട്രിസിറ്റിയും ലഭ്യമാക്കി. ആ മാർക്കറ്റിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): ഇ.ഇ.സി. സഹായത്തോടെ നെടുമങ്ങാട് ആരംഭിച്ച മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനം ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ഇലക്ട്രിസിറ്റി കിട്ടിയിട്ടുണ്ട്. നാട്ടിലെ ജനങ്ങളുമായി ഒത്തു തീർപ്പുണ്ടാക്കി മതിൽ കെട്ടുന്നതാണ്. മാർക്കറ്റ് നടത്താൻ നിയോഗിച്ച കൺസൾട്ടൻസിയുടെ റിപ്പോർട്ട് കിട്ടിയാലുടൻതന്നെ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

6. റേഷൻകാർഡിലെ അപാകതകൾ

ശ്രീ. സ്റ്റീഫൻ ജോർജ്ജ്:: കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന നാലു സെന്റു ഭൂമിയുള്ള ഒരാളെ പുതുതായി കൊടുത്ത റേഷൻ കാർഡിൽ എ.പി.എൽ–ൽ പെടുത്തിയിരിക്കുകയാണ്. ഈയിടെ കേരളത്തിൽ വിതരണം ചെയ്ത റേഷൻ കാർഡിലെ ഇത്തരം അപാകതകൾ പരിഹരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): കമ്പ്യൂട്ടർ സഹായത്തോടുകൂടി തയ്യാറാക്കിയ റേഷൻ കാർഡിൽ ചില തെറ്റുകൾ കടന്നുകൂടിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.പി.എല്ലിനു പകരം എ.പി.എല്ലിൽ പെടുത്തിയ കാർഡുടമ ബന്ധപ്പെട്ട താലൂക്ക് സപ്ളൈ ആഫീസിൽ അപേക്ഷ സഹിതം സമർപ്പിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ തെറ്റുകൾ തിരുത്തിയ റേഷൻ കാർഡുകൾ നൽകുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിച്ചു.

## ധനകാര്യം

2002–03 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | | രൂപ |
|---|---|---|
| ധനാഭ്യർത്ഥന III | നീതിന്യായ നിർവ്വഹണം – | 50,61,05,000 |

| | | | |
|---|---|---|---|
| ധനാഭ്യർത്ഥന XII | പോലീസ് | – | 3,40,03,72,000 |
| ധനാഭ്യർത്ഥന XIII | ജയിലുകൾ | – | 13,78,03,000 |

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക–പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): താഴെ പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIV– സ്റ്റേഷനറിയും, അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും – 5 7,47,23,000 രൂപ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ശങ്കരനാരായണൻ): പ്രമേയത്തെ പിന്താങ്ങുന്നു. പോലീസ് എന്ന XII –ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടേയും സ്റ്റേഷനറിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV–ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, പി. നാരായണൻ, എൻ. രാജൻ, എം. കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, പി. എസ്. സുപാൽ, വി. സി. കബീർ, എ. സി. ഷൺമുഖദാസ്, കെ. പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, എ.കെ. ബാലൻ, പി. ജയരാജൻ, കെ.പി. സതീശ് ചന്ദ്രൻ, മഞ്ഞളാംകുഴി അലി, കോടിയേരി ബാലകൃഷ്ണൻ, വി. കെ. സി. മമ്മത്കോയ, മത്തായി ചാക്കോ, കെ. കെ. ജയചന്ദ്രൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. കുഞ്ഞിരാമൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, കെ. രാധാകൃഷ്ണൻ, ടി. കെ. ബാലൻ, സാജുപോൾ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. എസ്. സുപാൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ പോലീസ് ആകെ അഴിഞ്ഞാടുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ജനങ്ങളുടെ അന്തകൻമാരായി മാറുന്നു. 2 ദിവസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കേരളത്തിലെ ഉന്നതൻമാരായ പോലീസുദ്യോഗസ്ഥൻമാരുടെ യോഗത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം കേരളത്തിലെ എല്ലാ വാർത്താ മാധ്യമങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. കഴിഞ്ഞ ഒരു വർഷമായി കേരളത്തിൽ അധികാരത്തിലിരിക്കുന്ന ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പോലീസ് നയം തികച്ചും പരാജയമാണ്. ലോക്കപ്പ് മർദ്ദനങ്ങളും ജനങ്ങളെയാകെ പീഡിപ്പിക്കുന്ന ഏറ്റവും മ്ലേച്ഛവും നീചവുമായ പ്രവർത്തനങ്ങളാണ് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥൻമാരും മറ്റും ജനങ്ങളോട് ഏതു രീതിയിൽ പെരുമാറണമെന്നുള്ളതു സംബന്ധിച്ച്

ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ ലോക്കപ്പ് മർദ്ദനങ്ങൾ വർദ്ധിച്ചിരിക്കുന്നു. 1957–ൽ കേരളത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് ലോക്കപ്പ് മർദ്ദനം ഉണ്ടാകാൻ പാടില്ലായെന്നുള്ള ശക്തമായ തീരുമാനം എടുത്തത്. ഞാൻ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ ലോക്കപ്പ് മർദ്ദനം ഉണ്ടായില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ചെത്തു തൊഴിലാളികളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടി ശ്രീ.കെ.പി. രാജേന്ദ്രൻ അടക്കമുള്ള ആളുകൾ തൃശൂരിൽ മാർച്ച് സംഘടിപ്പിച്ചപ്പോൾ മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ശ്രീ.കെ.പി. രാജേന്ദ്രന്റെ മേൽ കൊലക്കുറ്റം ചുമത്തി തുറുങ്കിൽ അടയ്ക്കുകയുണ്ടായി. 120–ഓളം തൊഴിലാളികളെ കസ്റ്റഡിയിൽ വച്ച് ക്രൂരമായി പീഡിപ്പിച്ചു. എന്തും ചെയ്യാം, എത്ര പ്രകൃതി വിരുദ്ധമായിട്ടുള്ള സമീപനങ്ങളും സ്വീകരിക്കാമെന്നുള്ള നിലപാടാണ് ഇപ്പോൾ പോലീസ് കൈക്കൊള്ളുന്നത്. എന്തൊക്കെ നടന്നാലും സമാധാനപരമായി കാര്യങ്ങൾ നടക്കുന്നുവെന്നുള്ള നിലപാട് സ്വീകരിക്കുന്നത് ഒരു മുഖ്യമന്ത്രിക്ക് ഭൂഷണമല്ല. അഴിമതിക്ക് വളം വയ്ക്കുന്ന പ്രവർത്തനമാണ് മുഖ്യമന്ത്രിയുടെ ആഫീസിൽ നടക്കുന്നത്. പോലീസിനെ നിലയ്ക്ക് നിറുത്തണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം മാത്രമല്ല ഐക്യ ജനാധിപത്യ മുന്നണി നേതൃത്വവും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മൂല്യങ്ങളെല്ലാം ഇവിടെ കാറ്റിൽ പറത്തിയിരിക്കുകയാണ്. പോലീസുദ്യോഗസ്ഥൻമാരെക്കുറിച്ച് എം.എൽ.എ.മാർക്കും മന്ത്രിമാർക്കും പരാതിയുണ്ട്. ജനകീയ സമരത്തെ അടിച്ചമർത്തുന്ന, ജനനേതാക്കളെ കള്ള ക്കേസിൽ കുടുക്കുന്ന ഈ പോലീസ് നയം ശരിയല്ല. പത്മാസുരന് വരം കൊടുത്തതുപോലെ യാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസിന് അധികാരം കൊടുത്തിരിക്കുന്നത്. ഇതുമൂലം കൂടുതൽ ദു:ഖം ഗവൺമേന്റ് അനുഭവിക്കേണ്ടിവരും.

ശ്രീ.കെ.സി. വേണുഗോപാൽ: ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇന്നുവരെയുള്ള തന്റെ പ്രവർത്തനശൈലിയിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ശൈലിയാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇന്ന് സഭയിൽ അവതരിപ്പിച്ചത്. ഘടകകക്ഷികളിൽപ്പെട്ട എം. എൽ. എ. മാർക്ക് പോലും നീതി നിഷേധിച്ചിരുന്ന കഴിഞ്ഞ 5 വർഷത്തെ ഭരണശൈലിയിൽ നിന്നു വ്യത്യസ്തമായി ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ, ജനപ്രതിനിധികളെന്നോ സാധാരണക്കാരെന്നോ ഉള്ള വ്യത്യാസമില്ലാതെ നീതിനിഷ്ഠമായുള്ള പോലീസിന്റെ പ്രവർത്തനം കാണുമ്പോൾ കഴിഞ്ഞ 5 വർഷം ഭരണത്തിന്റെ ശീതളച്ഛായ യിലായിരുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിഭ്രാന്തിയുണ്ടാകുന്നത് സ്വാഭാവികമാണ്. യാതൊരുവിധ രാഷ്ട്രീയപക്ഷപാതവുമില്ലാതെയാണ് ഇന്ന് പോലീസ് പ്രവർത്തിക്കുന്നത്. മുൻ ഗവൺമെന്റിന്റെ കാലത്ത് സ്വജനപക്ഷപാതം കാണിച്ചിരുന്ന പോലീസിനെ നവീകരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുമ്പോൾ ഗവൺമെന്റിനെ ഒരിഞ്ച് മുന്നോട്ടുപോകാൻ സമ്മതിക്കുകയില്ലെന്നു പറഞ്ഞുകൊണ്ടു പാവപ്പെട്ട ആദിവാസികളെയുൾപ്പെടെ സമരത്തിന് പ്രലോഭിപ്പിക്കുന്ന നയമാണ് പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇപ്പോൾ പ്രതിപക്ഷം നടത്തുന്നത് രാഷ്ട്രീയപ്രേരിതമായ സമരങ്ങളാണ്. സംസ്ഥാനത്ത് നിയമസമാധാനം ഉണ്ടാക്കിയതും പോലീസിനെ നവീകരിച്ച്

നിഷ്പക്ഷമായി പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാക്കിയതും അഭിനന്ദനാർഹമാണ്. മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. പോലീസുകാരുടെ സ്ഥലം മാറ്റം സംബന്ധിച്ചുണ്ടായിട്ടുള്ള ചില അപാകതകൾ പരിഹരിക്കണം. ഇന്റലിജൻസ്, ക്രൈം ബ്രാഞ്ച് തുടങ്ങിയ വിഭാഗങ്ങളിലേയ്ക്ക് ലോക്കൽ പോലീസിലുള്ളവരെ നിയമിച്ചാൽ അഴിമതിക്കിടയാകുമെന്നതിനാൽ ആ വിഭാഗങ്ങളിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തണം.

ശ്രീ. സി. മൊയിൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വമുണ്ടെന്ന തോന്നൽ ജനങ്ങളിലുണ്ടാക്കാൻ ഒരു വർഷം കൊണ്ട് ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. പതിറ്റാണ്ടുകളായി തുടർന്നുവന്നിരുന്ന രാഷ്ട്രീയപ്രേരിതമായ ഭരണത്തിന് മാറ്റമുണ്ടാക്കി നിഷ്പക്ഷമായ ഒരു പ്രവർത്തനശൈലി പോലീസിൽ ഉണ്ടാക്കാനുള്ള അവധാനതയോടെയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സി. പി. ഐ. (എം. )ന്റെ എൽ. സി. മുതൽ സെൻട്രൽ കമ്മിറ്റി വരെയുള്ളവർ പോലീസിനെ നിയന്ത്രിച്ചിരുന്നുവെങ്കിൽ ഇപ്പോൾ യാതൊരുവിധ രാഷ്ട്രീയപരിഗണനയുമില്ലാതെ നിഷ്പക്ഷവും നീതിപൂർവ്വവുമായാണ് പോലീസ് കേസുകൾ കൈകാര്യം ചെയ്യുന്നത്. നാദാപുരം സംഭവം തുടങ്ങിയ ചില കേസുകൾ കൈകാര്യം ചെയ്ത രീതിയിൽ മുസ്ലീം ലീഗിന് കടുത്ത അമർഷമുണ്ടെങ്കിലും എല്ലാം ഒരു ക്ലീൻ സ്ലേറ്റിൽ തുടങ്ങാനുള്ള മുഖ്യമന്ത്രിയുടെ തീരുമാനത്തോട് പാർട്ടി യോജിപ്പ് പ്രകടിപ്പിച്ചിരിക്കുകയാണ്. 5 കൊല്ലത്തെ ഭരണത്തിന്റെ ഹാങ്ങോവർ മാർക്സിസ്റ്റ് പാർട്ടിക്ക് ഇപ്പോഴും മാറിയിട്ടില്ല. കാലഹരണപ്പെട്ട മൂന്നാംമുറ പ്രയോഗിക്കുന്ന പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി പത്മനാഭ അയ്യർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. പോലീസ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കണം. പിടികിട്ടാപ്പുള്ളികളെ പിടിക്കുന്നതിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം. അമ്പത് വയസ്സ് കഴിഞ്ഞ പോലീസ്കാർക്ക് വേണ്ടി വോളന്ററി റിട്ടയർമെന്റ് സ്കീം നടപ്പാക്കണം. സംഘർഷബാധിത പ്രദേശങ്ങളിൽ നിയോഗിക്കപ്പെടുന്ന പോലീസുകാർക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം. സംസ്ഥാനത്തെ ജയിലുകളിലെ വാർഡൻമാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തണം. ജയിൽത്തടവുകാരുടെ കൂലി വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരിഃ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസങ്ങൾ നോക്കാതെ സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കുന്ന ഒരു പോലീസ് സേന ഉണ്ടാകണമെന്നതാണ് ഈ ഗവൺമെന്റിന്റെ ആഗ്രഹം. അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. കേരളാ പോലീസിനെ സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി മുൻ ഗവൺമെന്റ് വിനിയോഗിച്ചതിലുള്ള അപചയങ്ങൾ ഈ ഗവൺമെന്റ് മാറ്റിയെടുക്കാൻ ശ്രമിക്കുന്നുണ്ട്.

ലോക്കപ്പ് മർദ്ദനങ്ങളും മരണങ്ങളും മുൻ ഗവൺമെന്റിന്റെ കാലത്ത് ന്യായീകരിക്കപ്പെടുമായിരുന്നുവെങ്കിൽ ഇപ്പോൾ കുറ്റക്കാരുടെ മേൽ കർശന നടപടികൾ സ്വീകരിക്കുന്ന വിധത്തിൽ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. മേലുദ്യോഗസ്ഥർ കൊടുക്കുന്ന ഉത്തരവുകൾ അനുസരിക്കേണ്ടതില്ലെന്നുള്ള മുൻ നിലപാടുകളും മാറ്റാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമസഭാംഗങ്ങൾക്ക് പോലീസ് മർദ്ദനം ഏല്ക്കേണ്ടി വന്നിട്ടു പോലും ഒരു അന്വേഷണവും നടത്തിയിരുന്നില്ല. ഡി.ജി.പി.യുടെ പേരിൽ വ്യാജ രേഖ തയ്യാറാക്കാൻ ശ്രമിച്ചവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണം. പോലീസ് സേനയെക്കുറിച്ച് ഉണ്ടായിട്ടുള്ള വിശ്വാസത്തകർച്ചയും തെറ്റിദ്ധാരണകളും മാറ്റിയെടുക്കുന്നതോടൊപ്പം അവരെ ജനങ്ങളുടെ സേവകരായും കാവൽക്കാരായും പ്രവർത്തിക്കാൻ പഠിപ്പിക്കണം. അതിനാവശ്യമായ പരിശീലനം നൽകണം. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഇതിനൊന്നും ബാധകമാകരുത്. പോലീസ് വിഭാഗത്തെ സ്കിൽഡ് വർക്കേഴ്സായി കണ്ട് മാനസിക പിരിമുറുക്കത്തിൽനിന്നും പരിരക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

<u>ശ്രീ.ജോണി നെല്ലൂർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രാഷ്ട്രീയവൽക്കരിച്ച പോലീസ് സേനയെ അതിൽനിന്നും മോചിപ്പിക്കുന്നതിനുള്ള ഗവൺമെന്റിന്റെ പരിശ്രമം സ്വാഗതാർഹമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ഒരു വിഭാഗമായി പോലീസ് സേനയെ മാറ്റിയെടുക്കണം. അശാസ്ത്രീയമായി നടപ്പിലാക്കുന്ന കൂട്ട സ്ഥലംമാറ്റത്തിൽ പോലീസുകാർ അസംതൃപ്തരാണ്. പോലീസുകാരുടെ സ്ഥലംമാററത്തെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതികളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം. പോലീസുകാരുടെ ജോലിസമയം എട്ടു മണിക്കൂറായി നിജപ്പെടുത്തുകയും അത് എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യണം. ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സേനയാക്കി കേരളത്തിലെ പോലീസിനെ മാററിയെടുക്കണം. പോലീസ് സേനയിൽ അച്ചടക്കം അനിവാര്യമാണ്. പോലീസ് സേനയുടെ നവീകരണത്തിന് 2000–2001 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്ന് ലഭിച്ച 30 കോടി രൂപ ലഭിച്ചുവെങ്കിലും സംസ്ഥാന വിഹിതം വയ്ക്കാൻ സാധിക്കാത്തതിനാൽ 14 ലക്ഷം രൂപ മാത്രമാണ് കഴിഞ്ഞ ഗവൺമെന്റിന് ചെലവഴിക്കാൻ കഴിഞ്ഞത്. പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കരുത്; പോലീസ് സംഘടനകൾ പോലീസുകാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കണം. രാത്രികാല പോലീസ് പട്രോളിംഗ് കാര്യക്ഷമമാക്കണം. പോലീസ് സ്റ്റേഷനുകളിൽ നല്ല വാഹനങ്ങൾ കൊടുക്കുകയും വാഹനങ്ങളില്ലാത്ത സ്റ്റേഷനുകളിൽ അവ അടിയന്തിരമായി കൊടുക്കുകയും ചെയ്യണം. സംസ്ഥാനത്ത് കൂടുതൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കണം. മൂവാററുപുഴ നിയോജകമണ്ഡലത്തിലെ പായിപ്ര പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണം. മുഖ്യമന്ത്രി കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണം. ജനപ്രതിനിധികളെ അപമാനിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടേയും സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും പേരിൽ കർശന നടപടി സ്വീകരിക്കണം. പോലീസുകാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് സംതൃപ്തമായ ഒരു

പോലീസ് സേനയെ വാർത്തെടുക്കണം. ഫയർ സ്റ്റേഷനുകളിലെ പഴക്കമുള്ള വാഹനങ്ങൾ മാററിക്കൊടുക്കണം. മൂവാററുപുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് അനുവദിച്ച പുതിയ ഫയർ സ്റ്റേഷൻ പ്രാവർത്തികമാക്കുകയും കൂത്താട്ടുകുളത്ത് ഒരു പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുകയും ചെയ്യണം.

<u>ശ്രീ. എം.എ. വാഹിദ്</u>: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടമാടിയ കൊലപാതക രാഷ്ട്രീയത്തിനും അക്രമരാഷ്ട്രീയത്തിനും അറുതി വരുത്തുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്തുത്യർഹമായ ഭരണമാണ് ഈ ഗവൺമെൻറ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. ഭരണ–പ്രതിപക്ഷ വ്യത്യാസം നോക്കാതെ പ്രവർത്തിക്കുന്ന ഒരു പോലീസ് സേനയാണ് സംസ്ഥാനത്തുള്ളത്. ജനപ്രതിനിധികളുടെയും കോൺസ്ററബിൾ മുതൽ ഡി.ജി.പി. വരെയുള്ള ഉദ്യോഗസ്ഥന്മാരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ട് പോലീസ് മാനുവലിൽ കാതലായ മാററമുണ്ടക്കണം. ഇതിൽ പോലീസിനെ രാഷ്ട്രീയവൽക്കരിക്കാനുള്ള നടപടികൾ ഉണ്ടാകാൻ പാടില്ല. കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ഒരു പോലീസ് സ്റ്റേഷനും ഒരു ഫയർ സ്റ്റേഷനും അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീമതി ശോഭനാ ജോർജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്നുള്ള ഒരു സർക്കാരിന്റെ അടിസ്ഥാനപരമായ കർത്തവ്യം നീതിപൂർവ്വവും നിഷ്പക്ഷവുമായി ഈ ഗവൺമെന്റ് നിർവ്വഹിച്ചിട്ടുണ്ട്. ആത്മ വിശ്വാസവും അച്ചടക്കവും നഷ്ടപ്പെട്ട നാഥനില്ലാക്കളരി പോലെയായിരുന്നു പതിമൂന്ന് മാസത്തിനുമുമ്പ് സംസ്ഥാന പോലീസിന്റെ സ്ഥിതി. എൽ.ഡി.എഫ്. ഭരണം സംസ്ഥാനത്തെ ഒരു ഭ്രാന്താലയമാക്കിയിരുന്നു. എൽ.ഡി.എഫ്. ഭരണകാലത്ത് പോലീസിനെ നിയന്ത്രി ച്ചിരുന്നത് ബാഹ്യശക്തികളായിരുന്നു. ഇന്ന് ആ സ്ഥിതിക്ക് മാറ്റമുണ്ടാക്കി ഒട്ടേറെ നല്ല കാര്യങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 8 മാസംകൊണ്ട് പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി 80 കോടിരൂപ ചെലവാക്കുകയും ട്രാൻസ്ഫറിന് പുതിയ നയം ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ പ്രതിയോഗികളെ തകർക്കുന്നതിനുവേണ്ടി മാത്രമാണ് എൽ.ഡി.എഫ്. ഭരണകാലത്ത് ഇന്റലിജൻസ് വകുപ്പ് പ്രയോജനപ്പെടുത്തിയിരുന്ന തെങ്കിൽ ഇന്ന് ആ സമീപനത്തിൽ മാറ്റം വന്നിട്ടുണ്ട്. വനിതാ പോലീസിന് 10 ശതമാനം പ്രാതിനിധ്യം നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അടുത്തമാസം ട്രെയിനിംഗ് കഴിഞ്ഞ് പുറത്തിറങ്ങുന്ന വനിതാ പോലീസുകാരെ 420 പോലീസ് സ്റ്റേഷനുകളിലായി വിന്യസിപ്പിക്കാനുള്ള നടപടിയുണ്ടാകണം.

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസിൽ
പുതിയ ശീലം സൃഷ്ടിക്കാനും അതുവഴി ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കാനും ഈ

ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ശ്രീ. എ.കെ. ആന്റണിയുടെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും
കൊണ്ട് പോലീസിന് ബന്ധനത്തിൽനിന്ന് മോചനവും സ്വാതന്ത്ര്യവും കിട്ടിയിരിക്കുന്നു. ജനങ്ങളെ എല്ലാവരേയും തുല്യരായിക്കാണുന്ന ഒരു ഭരണാധികാരി കേരളത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ല. സമൂഹത്തിലെ അശരണരും സാധാരണക്കാരുമായവർക്ക് നിർഭയം പരാതികളുമായി പോലീസ് സ്റ്റേഷനിലേയ്ക്ക് കടന്നുചെല്ലാനുള്ള സാഹചര്യം ഈ ഗവൺമെന്റ് സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലം ഭരണം നടത്തിയിട്ട് ആദിവാസി കൾക്ക് ഒരിഞ്ച് ഭൂമി പോലും നൽകാത്തവർ ഇപ്പോൾ ആദിവാസികളുടെ പേരിൽ സമരം നടത്തുന്നത് അപഹാസ്യമാണ്.

<u>ശ്രീ. എം.എ. ചന്ദ്രശേഖരൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു,. ഈ ഗവൺമെന്റിന്റെ പുതിയ പോലീസ് നയത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ശാന്തിയും സമാധാനവും കൈവന്നിരിക്കുന്നു. പ്രതിപക്ഷത്തിന്റെ വാദമുഖങ്ങൾക്ക് മൂർച്ഛയും ശക്തിയും നഷ്ടപ്പെട്ടിരിക്കുന്നു. സി.പി.എം. പോലും ഇന്നത്തെ പോലീസ് നയത്തിനെ മനസ്സു കൊണ്ടെങ്കിലും അനുകൂലിക്കുന്നുണ്ടാകും. പോലീസിന്റെ അകമ്പടിയില്ലാതെ സഞ്ചരിക്കാൻ കഴിയാതിരുന്ന സി.പി.എം.കാർക്ക് ഇന്ന് പോലീസിന്റെ അകമ്പടി കൂടാതെ സഞ്ചരിക്കാൻ കഴിയുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായി സമാധാനപരമായി ജീവിക്കാനുള്ള അന്തരീക്ഷം ഈ ഗവൺമെന്റ് സൃഷ്ടിച്ചിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം പ്രതിപക്ഷം ഉൾക്കൊള്ളാൻ തയ്യാറാകണം. പോലീസ് സ്റ്റേഷനുകളിൽ സാധാരണക്കാർക്കും രാഷ്ട്രീയക്കാർക്കും കയറി ചെല്ലാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം. ഇന്നത്തെ പൊളിറ്റിക്കൽ നേതൃത്വത്തിന് പോലീസ് ഭരണത്തിൽ പങ്കാളിത്തമില്ലെന്നുള്ള ജനങ്ങളുടെ ആക്ഷേപം തിരുത്തണം. കൊലപാതകം നടന്നതിനുശേഷം മഹസ്സർ തയ്യാറാക്കുന്നതിനു പകരം കൊലപാതകം ഉണ്ടാകാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കത്തക്ക വിധത്തിൽ പോലീസ് സേനയെ നിയന്ത്രിക്കണം. മണൽ വാരൽ മേഖലയിൽ പോലീസുകാർ നടത്തുന്ന അഴിമതി തടയണം. പോലീസുകാരുടെ ജോലിസമയം 8 മണിക്കൂർ എന്ന് ക്ലിപ്തതയുള്ളപ്പോൾ 24 മണിക്കൂർ ജോലിയെടുക്കുന്ന സാഹചര്യം ഒഴിവാക്കണം. ക്വാർട്ടേഴ്സും മറ്റു സൗകര്യങ്ങളും കൊടുക്കാൻ സാധിക്കാതെ ജില്ലവിട്ടുള്ള ട്രാൻസ്ഫർ അവസാനിപ്പിക്കണം. കാലഘട്ടത്തിനനുസൃതമായി പോലീസ് സേനയെ നവീകരിക്കാനും ആധുനികവൽക്കരിക്കാനും നടപടി സ്വീകരിക്കണം. സമാധാനപരമായ ജീവിതം നയിക്കാൻ ഉതകുന്ന നയങ്ങൾ രൂപപ്പെടുത്തുന്ന ഗവൺമെന്റ് നടപടിയെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പോലീസ് സേനയിൽ കാതലായ മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഭരണ പരിഷ്ക്കാരങ്ങൾക്ക് സമയബന്ധിതമായി നേതൃത്വം നൽകണം. വിദ്യാസമ്പന്നരായ ഒരു

സമൂഹം പോലീസ് സേനയിൽ അനിവാര്യമാണ്. ഡിഗ്രിയുള്ളവരെ പോലീസുകാരായി തെരഞ്ഞെടുക്കുന്ന സമ്പ്രദായം ആവിഷ്ക്കരിക്കുകയും എല്ലാ രംഗത്തുമുള്ള സിലബസ് ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക ഡിഗ്രി കോഴ്സ് ഏർപ്പെടുത്തുകയും ചെയ്യണം. ഗവൺമെന്റുകളുടെ മർദ്ദനോപകരണമായും രാഷ്ട്രീയകക്ഷികളുടെ പിണിയാളുകളായും പോലീസിനെ മാറ്റുന്ന സമീപനത്തിന് മാറ്റം വരുത്തി ആരോഗ്യകരമായ പോലീസ് സേനയെ വളർത്തിയെടുക്കണം. എട്ടുമണിക്കൂർ എന്ന സമയ ക്ലിപ്തത എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പാക്കാൻ സത്വര നടപടി ഉണ്ടാകണം. റിസപ്ഷൻ കൗണ്ടർ സംവിധാനം പുനഃസംഘടിപ്പിക്കണം. പോലീസുകാരുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിക്കണം. സ്ഥലംമാറ്റക്കാര്യത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം പോലീസുകാരുടെ മനോവീര്യം കെടുത്തുമെന്നതിനാൽ പുനഃപരിശോധിക്കണം. പോലീസുകാരുടെ മോഡണൈസേഷന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. പോലീസ് ഡിപ്പാർട്ടുമെന്റിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടറൈസേഷന്റെ ഗുണം പോലീസ് അഡ്മിനിസ്ട്രേഷനിലും ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കണം. വാഹനങ്ങളും അത്യാധുനിക ഉപകരണങ്ങളും നൽകി പോലീസിനെ ഫലപ്രദമാക്കുന്നതോടൊപ്പം കഴിഞ്ഞ അഞ്ചുവർഷം ഡിപ്പാർട്ടുമെന്റിൽ നടന്ന സ്റ്റോർ പർച്ചേസ് സംവിധാനത്തെകുറിച്ച് അന്വേഷിക്കണം. മിനിസ്റ്റീരിയൽ സ്റ്റാഫായി പോലീസുകാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇലക്ട്രിക്കൽ കണക്ഷനും വാട്ടർ സപ്ളൈയും ലഭ്യമാക്കി പോലീസ് ക്വാർട്ടേഴ്സ് താമസയോഗ്യമാക്കണം. പോലീസിന്റെ ശമ്പളം കാലോചിതമായി പരിഷ്ക്കരിക്കണം. പോലീസിന് ലീവ് അനുവദിക്കാത്തതിനാൽ ലീവ് സറണ്ടർ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഇടുക്കി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണം. ഫോറിനേഴ്സ് രജിസ്ട്രേഷൻ സംവിധാനം ഫലപ്രദമാക്കണം. ഫയർഫോഴ്സ് ആധുനികവൽക്കരിക്കണം. പോലീസിന്റെ വാർഷിക റിപ്പോർട്ട് അതാത് വർഷം തന്നെ സമർപ്പിക്കാൻ നടപടി ഉണ്ടാകണം. ആദിവാസി സമരവും സർക്കാർ ജീവനക്കാരുടെ സമരവും സ്തുത്യർഹമായി കൈകാര്യം ചെയ്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. നിശ്ചയദാർഢ്യത്തോടും അർപ്പണ ബോധത്തോടും അഴിമതി രഹിതമായി മുന്നോട്ടു നീങ്ങുന്ന ഈ ഗവൺമെന്റിനെ കരിതേച്ച് കാണിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം വിഫലമാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ്, ജയിൽ, നീതിനിർവ്വഹണം എന്നിവയുടെ പ്രവർത്തനം കുറെക്കൂടെ മെച്ചപ്പെടുത്തണം. ഒരു സമൂഹത്തിന്റെ സുരക്ഷിതത്വം അർപ്പിതമായ പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട, കുറ്റങ്ങൾ തടയാൻ ബാദ്ധ്യതപ്പെട്ട പോലീസ് കാര്യക്ഷമമായി പ്രവർത്തിക്കണം. ഈ ഗവണ്മെന്റ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിരിക്കുന്ന പോലീസ് നയത്തെ സ്വാഗതം ചെയ്യുന്നു. ഇടപെടലുകളൊന്നുമില്ലാതെ പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം നൽകണം. പോലീസ് സ്റ്റേഷനുമായി ഇടപെടുന്ന പണക്കാരെയും

ഇടത്തട്ടുകാരെയും തടയാൻ ഗവൺമെന്റിന് കഴിയണം. സാമ്പത്തിക പരിഷ്ക്കരണത്തിന് അനുയോജ്യമായ വേഗതയിൽ പോലീസ്, ജുഡീഷ്യറി, ജയിൽ എന്നീ വകുപ്പുകളിൽ പരിഷ്ക്കരണം വരുത്തണം. പോലീസ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റത്തിന് സ്വീകരിച്ച മാനദണ്ഡം സ്വാഗതാർഹമാണ്. ഇപ്പോഴത്തെ നയം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. അന്യായമായോ നിയമവിരുദ്ധമായോ പ്രവർത്തിക്കുകയില്ലെന്ന് ജനപ്രതിനിധികളും പോലീസുദ്യോഗസ്ഥന്മാരും പ്രതിജ്ഞയെടുക്കണം. ജനപ്രതിനിധികൾക്ക് പോലീസിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ജില്ലാ വികസന സമിതിയുടേ മാതൃകയിൽ ജില്ലയിലെ ജനപ്രതിനിധികളും പോലീസ് ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു ജില്ലാ സമിതി രൂപീകരിച്ച് ജില്ലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണം. പോലീസുദ്യോഗസ്ഥന്മാർക്ക് സത്യസന്ധമായി പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം, അവർക്ക് വാഹനങ്ങൾ, ടെലഫോൺ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക സൗകര്യങ്ങളും ലഭ്യമാക്കണം . പോലീസുകാരുടെ സേവനത്തിന് പ്രോൽസാഹനം എന്ന നിലയിൽ സംസ്ഥാന സർക്കാർ പ്രത്യേക അവാർഡുകൾ ഏർപ്പെടുത്തണം; അവരുടെ നല്ല പ്രവൃത്തികളെ അഭിനന്ദിക്കണം. സർക്കാർ മുതൽ മുടക്കിൽ ദൃശ്യമാദ്ധ്യമങ്ങൾ ആരംഭിക്കുകയും അതുവഴി ഭരണത്തെ സംബന്ധിച്ച യഥാർത്ഥ വസ്തുതകൾ ജനങ്ങളെ ധരിപ്പിക്കാൻ അവസരമുണ്ടാക്കുകയും വേണം. പബ്ളിക് സർവ്വീസ് കമ്മിഷനിലെ സ്ഥിരാംഗങ്ങളുടെ എണ്ണം കുറച്ചിട്ട് ഇന്റർവ്യൂ, ടെസ്റ്റ് തുടങ്ങിയവയ്ക്ക് പ്രത്യേകമായി അസ്ഥിരാംഗങ്ങളെ നിയമിക്കുകയും വേണം . സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം ജയിലുകൾ ഏർപ്പെടുത്തണം. അഗ്നിശമന സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം . കോഴിക്കോട് ജില്ലയിലെ കൊണ്ടോട്ടിയിൽ ഒരു ഫയർസ്റ്റേഷൻ അനുവദിക്കണം.

<u>ശ്രീ. കെ.പി. മോഹനൻ</u>. ധനാഭ്യർത്ഥനകളെ എതിർക്കുന്നു . വിവിധ ജില്ലകളിൽ വിവിധ രീതിയിലാണ് പോലീസ് പ്രവർത്തിക്കുന്നത്. പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നവർക്ക് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ റൂറൽ എസ്. പി സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല . അതുപോലെ മൈക്ക് പെർമിഷൻ നൽകാത്തതിനാൽ കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഉച്ചഭാഷിണികൊണ്ട് ഉപജീവനം കഴിക്കുന്ന നിരവധി ജനങ്ങളെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു . പോലീസുകാർ വീടുകളിൽ കയറി വീട്ടു സാധനങ്ങൾ നശിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം . അക്രമങ്ങളിൽ പരിക്കു പറ്റുന്ന പോലീസുകാർക്ക് ആവശ്യമായ സഹായം നൽകണം . ജയിലുകളിൽ തടവുകാർക്ക് നല്ല ഭക്ഷണം ലഭ്യമാക്കുന്നില്ല . ഫയർ സർവ്വീസ് ഉദ്യോഗസ്ഥന്മാർക്ക് നൂതനമായ ഉപകരണങ്ങൾ നൽകണം

<u>ശ്രീ . ടി. എച്ച്. മുസ്തഫ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു . ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് അനീതിയും അക്രമവും കൊലയും കൊള്ളയും പിടിച്ചുപറിയും വ്യാപകമായിരുന്നു . കഴിഞ്ഞ ഒരു വർഷത്തെ ഭരണം കൊണ്ട് അവ ഒരു പരിധിവരെ ഇല്ലാതായിരിക്കുന്നു . രാഷ്ട്രീയ

കൊലപാതകങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളം ക്രിമിനൽ കേസ്സുകളുടെ എണ്ണവും സ്ത്രീപീഡനങ്ങളും മോഷണങ്ങളും കുറയ്ക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താനും ക്രമസമാധാനം നിലനിറുത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. പോലീസിന് നീതിപൂർവ്വമായും നിഷ്പക്ഷമായും സത്യസന്ധമായും പെരുമാറുന്നതിനുള്ള സാഹചര്യമുണ്ടാകണം. പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണം . ഖജനാവിൽ നിന്ന് വേതനം പറ്റുന്ന പോലീസ് സേന ജനങ്ങളുടെ സേവകരാകണം . ജനങ്ങളാണ് യജമാനൻമാർ എന്ന ബോധം പോലീസ് സേനയിൽ വളർത്തിയെടുക്കണം . . കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽനിന്നും പോലീസുകാരെ തടയണം . പോലീസുകാരെ നിയമിക്കുന്നതിന് നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്തണം. പോലീസുകാരുടെ മനുഷ്യത്വം നശിപ്പിക്കപ്പെടുന്ന തരത്തിലുള്ള ട്രെയിനിംഗ് രീതിയിലും മാറ്റം വരണം. രാജ്യത്തിനും ജനങ്ങൾക്കും ഉപകരിക്കത്തക്ക വിധത്തിലുള്ള പരിശീലനം അവർക്ക് നൽകണം. മെച്ചപ്പെട്ട സേവനം കാഴ്ച വയ്ക്കുന്ന പോലീസുകാർക്ക് പ്രോൽസാഹനം നൽകേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസം പോലീസുകാർക്ക് ലീവ് അനുവദിക്കണം. ലോക്കപ്പ് മർദ്ദനവും മൂന്നാം മുറയും നിർത്തലാക്കണം. പോലീസ് സേനയെ നവീകരിക്കണം. പോലീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കണം. 15 വർഷം പഴക്കമുള്ള വണ്ടികൾക്കു പകരം പുതിയ വണ്ടികൾ നൽകണം. പോലീസ് വകുപ്പിനെ ഡീസൽ സീലിംഗിൽനിന്നും ഒഴിവാക്കണം. നൈറ്റ് പട്രോളിംഗ് സംവിധാനം സജ്ജമാക്കണം. കൂടുതൽ താമസ സൗകര്യം ഏർപ്പെടുത്തണം. ഹൗസിംഗ്, വാഹനം, ഇൻഷ്വറൻസ്, വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്ക് വായ്പാ സൗകര്യം ഏർപ്പെടുത്തണം. പോലീസുകാരുടെ ക്വാർട്ടേഴ്സിനോടനുബന്ധിച്ച് കൺസ്യൂമർ സ്റ്റോറുകൾ പ്രവർത്തിപ്പിക്കണം. വിജിലൻസ് വിഭാഗംം അഴിമതിക്കതീതമായിരിക്കണം. വിജിലൻസിലേക്ക് പ്രത്യേക റിക്രൂട്ടുമെന്റ് നടത്തണം. സ്പെഷ്യൽ ബ്രാഞ്ചിന് പ്രത്യേക പരിശീലനം നൽകണം. വർഗ്ഗീയ-രാഷ്ട്രീയ സംഘട്ടനങ്ങൾ മുൻകൂട്ടി കാണാൻ പറ്റിയ വിധത്തിൽ സ്പെഷ്യൽ ബ്രാഞ്ചിനെ സുസജ്ജമാക്കണം. ജുഡീഷ്യറിയെ കുറ്റമറ്റതും കാര്യക്ഷമവുമാക്കണം. സത്യസന്ധമായും സമയബന്ധിതമായും നീതിനിർവ്വഹണം ഉറപ്പാക്കണം. കെട്ടിക്കിടക്കുന്ന കേസുകൾ വേഗം തീർപ്പാക്കാനുള്ള സംവിധാനങ്ങളുണ്ടാക്കണം. ഫയർഫോഴ്സിനെ ജനസേവനത്തിനുകൂടി ഉപയോഗപ്പെടുത്തണം. കുന്നത്തുനാട് മണ്ഡലത്തിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തെ ക്രമസമാധാനനില പരിശോധിച്ചാൽ പോലീസാണ് പ്രതിസ്ഥാനത്ത് നിൽക്കുന്നത്. പോലീസിൽ നീതിനിർവ്വഹണം നടക്കുന്നില്ല. രാഷ്ട്രീയ നേതാക്കൻമാരെ കേസുകളിൽ പ്രതിയാക്കുന്നത് ഒരു ഹോബിയാക്കി മാറ്റിയിരിക്കുന്നു. ലോക്കപ്പുകളെ കൊലയറകളാക്കിയിരിക്കുന്നു. അടിയന്തിരാവസ്ഥക്കാലത്തെ മർദ്ദനമുറകൾ പോലീസിൽ തിരിച്ചുവന്നിരിക്കുന്നു. കഴിഞ്ഞ ഒരു വർഷമായി ആർ. എസ്. എസ് - മുസ്ലീം തീവ്രവാദ പ്രവർത്തനം ശക്തിപ്പെട്ടു. ഹവാല കുംഭകോണവുമായി ബന്ധപ്പെട്ട് ധാരാളം വാർത്തകൾ

വന്നുകൊണ്ടിരിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കുന്നില്ല. സാർവ്വത്രികമായ അഴിമതിയാണ് ഇന്ന് ഈ സംസ്ഥാനത്ത് നടക്കുന്നത്. അതിനെക്കുറിച്ച് അന്വേഷണം നടത്താൻ ബാദ്ധ്യസ്ഥമായ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഹവാല കേസ്സിനെ സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. തീവ്രവാദം പ്രോൽസാഹിപ്പിക്കരുത്. വർഗ്ഗീയകലാപങ്ങൾ അടിച്ചമർത്തണം. പോലീസ് നയം പ്രഖ്യാപിക്കണം. അവകാശസമരങ്ങളോടുള്ള ഗവൺമെന്റിന്റെ സമീപനം തിരുത്തണം. ജയിലുകളുടെ സ്ഥിതി മെച്ചപ്പെടുത്തണം. സാംപത്തിക പ്രതിസന്ധിയുടെ പേരിൽ തടവുകാരുടെ വേതനം കൊടുക്കാതിരിക്കുന്നതു ശരിയല്ല. ജീവപര്യന്തം തടവുകാരുടെ ശിക്ഷാകാലാവധി സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം പുന:പരിശോധിക്കണം. ദ്രുതകർമ്മ കോടതികളുടെ പ്രവർത്തനം പുന:സ്ഥാപിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): പോലീസ് വകുപ്പിനെക്കുറിച്ച് ഇത്രയും ശാന്തമായ ഒരു ചർച്ച ഇതിനുമുമ്പ് ഈ സഭയിൽ വന്നിട്ടില്ല. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾ കുറഞ്ഞിരിക്കുകയാണ്. പോലീസിൽ അർപ്പിതമായിട്ടുള്ള ചുമതല സത്യസന്ധമായും അർപ്പണബോധത്തോടേയും നിർവ്വഹിക്കപ്പെടണം. നിയമാനുസൃതം ജീവിക്കാൻ ആഗ്രഹിക്കുന്ന, ജാതി–മത–കക്ഷി ഭേദമെന്യേ കേരളത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും അവരുടെ ജീവനും സ്വത്തിനും അഭിമാനത്തിനും അന്തസ്സിനും സംരക്ഷണം നൽകുകയെന്നതാണ് കേരള ഗവൺമെന്റിന്റെ പോലീസ് നയം. പോലീസിന്റെ പ്രവർത്തനത്തിൽ പാളിച്ചകളുണ്ടാകാം. അതേസമയം പോലീസുകാരോടുള്ള മനോഭാവത്തിൽ നാം കുറച്ചുകൂടി ഔദാര്യം കാണിക്കേണ്ടതുമുണ്ട്. വ്യക്തിപരമായ സ്വാതന്ത്ര്യവും കുടുംബജീവിതവും എല്ലാവരേയും പോലെ അനുഭവിക്കാൻ കഴിയാതെ വിപരീത സാഹചര്യങ്ങളിലും ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന പോലീസുകാരുടെ പ്രശ്നങ്ങളോട് കുറച്ചുകൂടി മാനുഷിക പരിഗണന കാണിക്കേണ്ടതാണ്. ഈ ഗവൺമെന്റ് കേരള പോലീസ് സേനയെ അടുത്ത നാലു വർഷംകൊണ്ട് ഇൻഡ്യയിലെതന്നെ ഏറ്റവും സുസജ്ജമായതും നവീകരിക്കപ്പെട്ടതുമായ പോലീസ് സേനയാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി 80 കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം പോലീസ് ക്യാമ്പുകളുടെ സ്ഥിതിയും പോലീസ് ക്വാർട്ടേഴ്സുകളുടെ സൗകര്യവും മെച്ചപ്പെടുത്തുവാനും പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്. ഇതേവരെ ഒരു ഗവൺമെന്റും ചെയ്യാത്ത രീതിയിൽ കേരളത്തിലെ പോലീസ് കോൺസ്റ്റബിൾമാരുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള അടിയന്തിര നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഡയറക്ട് റിക്രൂട്ടമെന്റ് വഴിയുള്ള എസ്.ഐ.മാരുടെ പി.എസ്.സി. സെലക്ഷൻ കഴിഞ്ഞു. ട്രെയിനിംഗ് ആരംഭിക്കാൻ പോകുകയാണ്. അടുത്ത ഒന്നു രണ്ടു

മാസത്തിനകം പോലീസ് സേനയിലേയ്ക്ക് പുതിയ പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗും ആരംഭിക്കും. അതോടുകൂടി പോലീസുകാരുടെ ഷോർട്ടേജ് കുറയ്ക്കാൻ കഴിയും. വനിതാ കോൺസ്റ്റബിൾമാരുടെ പ്രാതിനിധ്യം പത്തു ശതമാനമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഡ്യൂട്ടിക്കിടയിൽ പോലീസുകാർക്ക് അപകടമുണ്ടായാൽ അവരുടെ ചികിത്സ മുഴുവനും ഗവൺമെന്റുതന്നെ വഹിക്കുന്ന ഒരു പുതിയ രീതിയിലേയ്ക്ക് പോകാൻ ആഗ്രഹിക്കുകയാണ്. ട്രെയിനിംഗിൽ പുതിയ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി ജനങ്ങളോട് വളരെ സൗഹാർദ്ദപൂർവം പെരുമാറുന്ന പോലീസായി കേരളത്തിലെ പോലീസ് സേനയെ വളർത്തിയെടുക്കാൻ ആവശ്യമായ പരിശീലനം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഫയർ ഫോഴ്സിലേയ്ക്ക് വാഹനങ്ങൾ, ആംബുലൻസ് എന്നിവ വാങ്ങാനും പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കാനും ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുണ്ട്. ജയിൽ പരിഷ്ക്കരണത്തിനുവേണ്ടി ഗവൺമെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒന്നുരണ്ടു പുതിയ ജയിലുകൾ ആരംഭിക്കുന്നതോടൊപ്പം നിലവിലുള്ള ജയിലുകളുടെ പോരായ്മകൾ പരിഹരിക്കുവാനും ശ്രമിക്കുന്നുണ്ട്. ജയിൽ തടവുകാരുടെ വേതനം ഈ സർക്കാരാണ് വർദ്ധിപ്പിച്ചത്. വിജിലൻസ് വകുപ്പിനെ നവീകരിക്കാൻവേണ്ടി പ്രത്യേക ഹെഡ്ഡിൽ പണം ഉൾപ്പെടുത്തിയത് ഈ വർഷം മുതലാണ്. സിവിൽ ക്രിമിനൽ കേസ്സുകൾ സമയബന്ധിതമായി നടത്തുന്നതിനുവേണ്ടി ഈ വർഷം പത്തു ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അഴിമതി നിരോധന പ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യമെടുത്ത് സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ലോകായുക്തിനെ ശക്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്. ടൂറിസം മന്ത്രിക്ക് ഹവാലാ കേസ്സുമായി ബന്ധമുണ്ടെന്ന റിപ്പോർട്ട് ഇന്റലിജൻസ് ഡി.ജി.പി. ഗവൺമെന്റിലേയ്ക്ക് തന്നിട്ടില്ല. ഹവാലാക്കേസ് സംബന്ധമായി സൂര്യാ ടി. വി. സംപ്രേഷണം ചെയ്ത രേഖ അവർക്ക് എങ്ങനെ കിട്ടി എന്ന് അന്വേഷിക്കും. ശ്രീ. കെ. പി. രാജേന്ദ്രൻ നയിച്ച ചെത്തുതൊഴിലാളി സമരവുമായി ബന്ധപ്പെട്ടുണ്ടായ അക്രമസംഭവങ്ങൾമൂലം ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് തൃശൂർ ജില്ലയിലുണ്ടായത്. ഇത്തരം ജനാധിപത്യവിരുദ്ധ സമരങ്ങളും അക്രമങ്ങളും നോക്കിനിൽക്കുന്ന പോലീസല്ല ഇന്നുള്ളത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഹവാലക്കേസുമായി ബന്ധപ്പെട്ട ആരോപണത്തിന് മുഖ്യമന്ത്രി തൃപ്തികരമായ മറുപടി നൽകിയില്ലെന്നാരോപിച്ച് പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ച് ഇറങ്ങിപ്പോയി.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നീതിന്യായ നിർവ്വഹണം എന്ന III -ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.15-ന് പിരിഞ്ഞു.

-----